16 JUL 2021

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - സംസ്ഥാനത്തെ സ്വകാര്യ ഐ.ടി.ഐ.കളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

29484 16/7/21

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ(സാധാ)നം.615/2021/പജപവവിവ തീയതി, തിരുവനന്തപുരം, 28/06/2021

---

പരാമർശം:- 1) 30/08/2016 ൽ ബഹു. കേരള തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ ചേംബറിൽ ചേർന്ന പ്രൈവറ്റ് ഐ.ടി.ഐ ഭാരവാഹികളുടെ മീറ്റിംഗിന്റെ നടപടി കുറിപ്പ്

2) വ്യവസായ പരിശീലന വകുപ്പ് ട്രെയിനിംഗ് ഡയറക്ടറുടെ 19/09/2016 ലെ നമ്പർ.സി4/1568/12, 22/06/2020 ലെ നമ്പർ.ഡിടി/363/19-എഫ്3 എന്നീ നമ്പർ കത്തുകൾ

3) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 01/03/2019 ലെ എഡ്യൂ.സി2-14235/18 നമ്പർ കത്ത്.

F

16/7

## <u>ഉത്തരവ്</u>

സംസ്ഥാനത്തെ പ്രൈവറ്റ് ഐ.ടി.ഐ.കളിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ ട്രെയിനികൾക്കും സ്റ്റൈപ്പന്റ് ലഭ്യമാകുന്നതിന് പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുവാൻ പരാമർശം (1)പ്രകാരം നിർദ്ദേശിച്ചിരുന്നു.

2. സംസ്ഥാനത്തെ പ്രൈവറ്റ് ഐ.ടി.ഐ.കളിലെ എല്ലാ ട്രേഡുകളിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 10% ട്രെയിനികൾക്കാണ് സംവരണം ലഭിക്കുന്നതെന്നും 1995 ന് ശേഷം പ്രവർത്തനമാരംഭിച്ച പ്രൈവറ്റ് ഐ.ടി.ഐ.കൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നില്ലെന്നും തൊഴിൽ ലഭ്യത മനസ്സിലാക്കി 10%ൽ കൂടുതൽ കുട്ടികൾ പ്രൈവറ്റ് ഐ.ടി.ഐ.കളിൽ എത്തുന്നെങ്കിലും വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാകാത്തതിനാൽ പ്രവേശനം ലഭ്യമാക്കാൻ വിമുഖത കാണിക്കുന്ന പ്രവണതയാണുള്ളതെന്നും മറ്റ് പല കോഴ്സുകളിൽ പഠിക്കുന്ന എസ്.സി/എസ്.റ്റി വിഭാഗത്തിലുള്ള കുട്ടികൾക്ക് ഉയർന്ന നിരക്കിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്നും 2010 ലെ കേന്ദ്ര സാമൂഹ്യ നീതി വകുപ്പിന്റെ ഉത്തരവ് പ്രകാരം ഐ.ടി.ഐ.യിൽ പഠിക്കുന്ന എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് മുഴുവൻ ട്യൂഷൻ ഫീസ്, പ്രതിമാസ അലവൻസ്, സ്റ്റഡി ടൂർ ചാർജ്ജ്, പ്രോജക്ട് വർക്കിനുള്ള തുക എന്നിവ നൽകുന്നതിനു ഉത്തരവായിട്ടുണ്ടെന്നും കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ (No.DGE&DT/19/2012-CD-PT) ഉത്തരവ് പ്രകാരം പ്രൈവറ്റ് ഐ.ടി.ഐ.യിൽ പഠിക്കുന്ന കുട്ടികളുടെ ഫീസ് നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടെന്നും ആയതിനാൽ പ്രൈവറ്റ് ഐ.ടി.ഐ.യിൽ പഠിക്കുന്ന എല്ലാ എസ്.സി/എസ്.റ്റി വിഭാത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഇ-ഗ്രാന്റ്സ് സംവിധാനത്തിൽ വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിനും 1995 ന് ശേഷം പ്രവർത്തിച്ചുവരുന്ന പ്രൈവറ്റ് ഐടിഐകളിലെ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ

വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിനും ട്യൂഷൻ ഫീസ് പുതുക്കി നിശ്ചയിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം വ്യാവസായിക പരിശീലന വകുപ്പ് ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സംസ്ഥാനത്തെ വിവിധ പ്രൈവറ്റ് ഐ.ടി.ഐ.കളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിക്കുന്നത്, പട്ടികജാതി വിഭാഗത്തിൽപ്പെട്ട കൂടുതൽ വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനും തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനും അവസരം സൃഷ്ടിക്കുമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

4. ഈ സാഹചര്യത്തിൽ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള സ്വകാര്യ ഐ.ടി.ഐ.കളിൽ പഠിച്ചുവരുന്ന 10% പട്ടികജാതി വിദ്യാർത്ഥികൾക്ക് നിലവിൽ ലഭിക്കുന്ന DGE&DT അംഗീകരിച്ച നിരക്കിലുള്ള ആനുകൂല്യങ്ങൾ, സംസ്ഥാനത്തെ ഇതര പ്രൈവറ്റ് ഐ.ടി.ഐ.കളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കും ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

i. സ്വകാര്യ ഐടിഐകളിൽ ആനുകൂല്യത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന പട്ടികവിഭാഗം വിദ്യാർത്ഥികളുടെ എണ്ണം ഓരോ കോഴ്സിന്റെയും 10% ൽ അധികരിക്കരുത്.

ii. സ്ഥാപനങ്ങളുടെ പ്രവർത്തനമികവും, ഭൗതിക സാഹചര്യങ്ങളും, പഠന സൗകര്യവും ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർ പരിശോധിച്ച് ബോദ്ധ്യപ്പെട്ടാൽ മാത്രമേ ആനുകൂല്യം അനുവദിക്കാൻ പാടുള്ളൂ .

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എം.ശശിധരൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം.
അഡീഷണൽ ഡയറക്ടർ, SIIIT, കഴക്കൂട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.
ലേബർ വകുപ്പ് (ഫയൽ നം.സി2/162/2019/തൊഴിൽ)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Renuka Sankar
സെക്ഷൻ ഓഫീസർ

Endorsement No. DT/2966/2019.F3

Copy communicated to all ITI principals for information and necessary action

For Director of Training